ഐ.ഡി.എം.ഐ. ഫണ്ട്

25 (1072) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും മദ്രസകൾക്കുമായി കേന്ദ്രസർക്കാർ പദ്ധതിയായ ഐ.ഡി.എം.ഐ.-യിൽ നിന്നും 2010-11 മുതൽ എന്ത് തുക വീതം ലഭിച്ചിട്ടുണ്ടെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) 2014-15 വർഷത്തിൽ പ്രസ്തുത ഫണ്ട് ലഭിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ലഭിച്ച തുക സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.* മദ്രസകൾക്ക് ഐ.ഡി.എം.ഐ. പദ്ധതി പ്രകാരം ഗ്രാന്റ് അനുവദിക്കുന്നില്ല.

(ബി) 2014-15 വർഷം 274 സ്ഥാപനങ്ങളുടെ പ്രൊപ്പോസൽ എം.എച്ച്.ആർ.ഡി-ക്ക് സമർപ്പിച്ചിരുന്നെങ്കിലും ഇവയെല്ലാംതന്നെ പദ്ധതി നിഷ്കർഷിക്കുന്ന മാനദണ്ഡം പാലിച്ചിട്ടില്ലാത്തതിനാൽ എം.എച്ച്.ആർ.ഡി. ഗ്രാന്റിന് പരിഗണിച്ചിട്ടില്ല. ഇവയിൽ ഗ്രാന്റിന് യോഗ്യതയുള്ള 70 സ്ഥാപനങ്ങളുടെ അപാകത പരിഹരിച്ച് എം.എച്ച്.ആർ.ഡി.-ക്ക് ശിപാർശ ചെയ്തിട്ടുണ്ട്.

സി-ആപ്റ്റ് എം.ഡി. നടത്തിയ ക്രമക്കേടുകൾ

26 (1073) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ആപ്റ്റ് എം.ഡി. സ്ഥാനത്ത് നിന്നും സജിത് വിജയരാഘവനെ സസ്പെന്റ് ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനിടയാക്കിയ സാഹചര്യം വിശദമാക്കാമോ;

(സി) സി-ആപ്റ്റ് എം.ഡി. ഏതെല്ലാം തരത്തിലുള്ള ക്രമക്കേടുകൾ നടത്തിയെന്നാണ് വിജിലൻസും ധനകാര്യ പരിശോധന വിഭാഗവും കണ്ടെത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) സി-ആപ്റ്റ്. എം.ഡി.-യുടെ ചുമതല നിലവിൽ ആർക്കാണെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly